ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex. IV(1)/22091/16/HSE**

തീയതി : **08/12/2016**

# <u>സർക്കുലർ</u>

വിഷയം :- ഹയർ സെക്കന്ററി പരീക്ഷാവിഭാഗം - 2016 മാർക്ക്ലിസ്റ്റ്/സർട്ടിഫിക്കറ്റ് പേരുതിരുത്തൽ - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ 05/12/2016 ലെ Ex.IV/1/22091/16/HSE ഉത്തരവ്.

സൂചന ഉത്തരവ് പ്രകാരം 2016 മാർച്ച്, 2016 ജൂൺ പരീക്ഷകളുടെ സർട്ടിഫിക്കറ്റിൽ ഡോട്ട്, സ്പേയ്സ് സംബന്ധിച്ച് തിരുത്തൽ വരുത്തുവാൻ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അധികാരം നൽകി ഉത്തരവായിരുന്നു. സർട്ടിഫിക്കറ്റുകളിൽ ഇത്തരം തിരുത്തലുകൾ വരുത്തുവാൻ ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർ ഡി ഡി മാരുടെ അധികാരപരിധിയിൽപ്പെട്ട ജില്ലകളിലെ 2016 മാർച്ച്, ജൂൺ (സേ) പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളിലെ പേര് തിരുത്തൽ ആവശ്യമാകുന്ന സാഹചര്യത്തിൽ SSLC ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രിൻസിപ്പാളിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ തിരുത്തി നൽകാവുന്നതാണ്.
2. തിരുത്തി നൽകുന്ന സർട്ടിഫിക്കറ്റ് സംബന്ധിച്ച് ഒരു രജിസ്റ്റർ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. അതാത് ദിവസം തിരുത്തപ്പെടുന്ന സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ പേര്, രജിസ്റ്റർ നമ്പർ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
3. സർട്ടിഫിക്കറ്റിന്റെ വലതുഭാഗത്ത് മുകളിൽ "Name since corrected as ....................." എന്ന് ഭംഗിയായി രേഖപ്പെടുത്തി ആർ.ഡി.ഡി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
4. ഇതിനായി ആർ.ഡി.ഡി ഓഫീസിൽ ഒരു ക്ലാർക്കിന് ചുമതല നൽകേണ്ടതാണ്.
5. ഇത്തരം തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരം Data base ൽ വേണ്ടുന്ന തിരുത്തൽ വരുത്തുന്നതിനായി jdexamdhse@gmail.comഎന്ന e-mail അഡ്രസ്സിലേക്ക് അതാത് ദിവസം തന്നെ Mail ചെയ്യേണ്ടതാണ്.

ഒപ്പ്/-
**ജോയിന്റ് ഡയറക്ടർ**
**(പരീക്ഷാ വിഭാഗം)**

**പകർപ്പ്**
RDD മാർക്കും
എല്ലാ പ്രിൻസിപ്പൽമാർക്കും.